പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1627

21.01.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാർഷിക കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.മാത്യു.റ്റി.തോമസ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക കമ്മീഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ കാർഷിക വികസന നയരൂപീകരണത്തിന് ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും ഇതിനായി മുൻ എം.എൽ.എ ശ്രീ.കെ.കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായി ഒരു ഉപ സമിതി നിലവിൽ വന്നിട്ടുണ്ട്. |
| (ബി) കാർഷിക കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) കൃഷിഭൂമിയുടെ പരമാവധി ഉപയോഗപ്പെടുത്തൽ, കാർഷികവൃത്തിയിൽ നിന്നും വരുമാനം ഉറപ്പാക്കൽ, കർഷകർക്കും കർഷക തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കൽ, കൃഷി ഭൂമിയുടെ സുസ്ഥിര സംരക്ഷണം ഉറപ്പാക്കൽ, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഒരു കാർഷിക വികസന നയം രൂപീകരിക്കുന്നതിനാണ് ഉപസമിതിയെ ചുമതലപ്പെടുത്തിയത്. |
| (സി) കാർഷിക കമ്മീഷൻ എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ; | (സി) ഉണ്ട്.<br>മുൻ എം.എൽ.എ., ശ്രീ.കെ.കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായി നിലവിൽ വന്നിട്ടുള്ള ഉപസമിതി 331 ശുപാർശകൾ ഉൾക്കൊള്ളുന്ന കാർഷിക വികസന നയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) കാർഷിക കമ്മീഷന്റെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതെങ്കിലും ശുപാർശ സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) കരട് കാർഷിക നയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ